# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2298

23.01.2014 ൽ മറുപടിയ്ക്ക്

## സഹകരണ നിയമ ഭേദഗതി പുന:പരിശോധിക്കാൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ജി. സുധാകരൻ | | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | 97-)ം ഭരണഘടനാ ഭേദഗതിയുടെ പ്രസക്ത ഭാഗങ്ങൾ ഗുജറാത്ത് ഹൈക്കോടതി റദ്ദ് ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ബഹു. ഗുജറാത്ത് ഹൈക്കോടതി, റിട്ട് പെറ്റീഷൻ (PIL) നമ്പർ 166/2012 ൽ 22.04.2013 ന് പുറപ്പെടുവിച്ച വിധിന്യായത്തിൽ 97-)ം ഭരണഘടനാ (ഭേദഗതി) നിയമം 2011 ലെ ആർട്ടിക്കിൾ 243ZH മുതൽ 243ZI വരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പാർട്ട് IXB, ഇന്ത്യൻ ഭരണഘടനയ്ക്ക് വിരുദ്ധമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. |
| (ബി) | എങ്കിൽ 97-)ം ഭരണഘടനാ ഭേദഗതിയുടെ അടിസ്ഥാനത്തിൽ വരുത്തിയ 2013 ലെ കേരള സഹകരണ സംഘം നിയമഭേദഗതി പുന:പരിശോധിക്കുമോ; | (ബി) 2013 ലെ കേരള സഹകരണ സംഘം (ഭേദഗതി) നിയമം പുന:പരിശോധിക്കേണ്ടതായി കാണുന്നില്ല.<br>97-)ം ഭരണഘടനാ (ഭേദഗതി) നിയമം, 2011 ലെ വ്യവസ്ഥകളും അതോടൊപ്പം സംസ്ഥാനത്തെ സഹകരണ മേഖലയുടെ വളർച്ചയ്ക്കനുസൃതമായിട്ടുള്ള വ്യവസ്ഥകളും ഉൾപ്പെടുത്തിയാണ് 2013 ലെ കേരള സഹകരണ സംഘം (ഭേദഗതി) നിയമം കൊണ്ടുവന്നിട്ടുള്ളത്. ആയത് സംസ്ഥാന നിയമസഭ പാസ്സാക്കിയിട്ടുള്ള സാഹചര്യത്തിൽ, 97-)ം ഭരണഘടനാ (ഭേദഗതി) നിയമം, 2011 ന്റെ സാധുത, 2013 ലെ കേരള സഹകരണ സംഘം (ഭേദഗതി) നിയമത്തെ ബാധിക്കുകയില്ലെന്ന് കാണുന്നു. |
| (സി) | മേൽ ഭേദഗതിക്കനുസൃതമായി സഹകരണ സംഘം രജിസ്ട്രാർ പുറത്തിറക്കിയ സർക്കുലർ നമ്പർ | (സി) സഹകരണ സംഘങ്ങളുടെ ഓഡിറ്റ് കാലാനുസൃതമാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളാണ് 13/2013 നമ്പർ സർക്കുലർ |

| | |
|---|---|
| 13/2013 പുന:പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ? | പ്രകാരം നൽകിയിട്ടുള്ളത്. പ്രസ്തുത സർക്കുലർ പുന:പരിശോധിക്കേണ്ട സാഹചര്യമുള്ളതായി കാണുന്നില്ല. |

സെക്ഷൻ ഓഫീസർ